# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.14-376/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 12/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.14-376/23 തീയ്യതി: 12/04/2023

## പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 12-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 13-02-2023 | 20-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-02-2023 | 20-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി.-ഓഡിറ്റ് ഓഫീസർ
സരിത.പി.-സീനിയർ ഗ്രേഡ് ഓഡിറ്റർ
പത്മകുമാർ.സി.എൽ.-സീനിയർ ഗ്രേഡ് ഓഡിറ്റർ
അനിത.കെ.-ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ധനരാജ്.ആർ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.വി. (അഡീഷണൽ ചാർജ്) | സെക്രട്ടറി | 01-04-2021 | 08-04-2021 |
| ശ്രീ.സജി ജോൺ | സെക്രട്ടറി | 09-04-2021 | 03-05-2021 |
| ശ്രീമതി.ബിന്ദു.വി. (അഡീഷണൽ ചാർജ്) | സെക്രട്ടറി | 04-05-2021 | 23-05-2021 |
| ശ്രീ.സജി ജോൺ | സെക്രട്ടറി | 24-05-2021 | 25-06-2021 |
| ശ്രീമതി.ബിന്ദു.വി. (അഡീഷണൽ ചാർജ്) | സെക്രട്ടറി | 26-06-2021 | 30-06-2021 |
| ശ്രീ.സദാശിവൻ.എസ്. | സെക്രട്ടറി | 01-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നന്ദകുമാർ.എ. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.രചന.ആർ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 01-02-2022 |
| ശ്രീ.അജിത്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-02-2022 | 04-02-2022 |
| ശ്രീ.അബ്ദുൾമുനാഫ്.ടി.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 05-02-2022 | 31-03-2022 |
| ഡോ.രശ്മി സൂസൻ മാത്യു | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ഡോ.സ്മിത.എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-10-2021 |
| ഡോ.അരുണ.എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-11-2021 | 30-11-2021 |
| ഡോ.സ്മിത.എം. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-12-2021 | 28-02-2022 |
| ഡോ.ദിവ്യ.ഒ.വി. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-03-2022 | 31-03-2022 |
| ഡോ.ജയകൃഷ്ണൻ.ടി.ആർ. | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈലജ.എ. | പ്രധാന അദ്ധ്യാപിക | 01-04-2021 | 27-10-2021 |
| ശ്രീമതി.ലൈല.എം. | പ്രധാന അദ്ധ്യാപിക | 28-10-2021 | 31-03-2022 |
| ശ്രീമതി.പ്രസന്ന.വി. | വി.ഇ.ഒ.I | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷിൻസി.എൻ. | വി.ഇ.ഒ.II | 01-04-2021 | 31-10-2021 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രസന്ന.വി. | വി.ഇ.ഒ.II | 01-11-2021 | 31-01-2022 |
| ശ്രീമതി.അനുഷ.ജെ. | വി.ഇ.ഒ.II | 01-02-2022 | 31-03-2022 |
| ശ്രീമതി.ബിന്ദു.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.അനിത.എ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ.ആരോൺ ആന്റണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 19-07-2021 |
| ശ്രീമതി.അഫ്സ.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-07-2021 | 13-09-2021 |
| ശ്രീമതി.ദിവ്യ.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-09-2021 | 30-11-2021 |
| ശ്രീമതി.ശ്രുതി.സി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-12-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക-ന്യൂനതകൾ | 1-2-1 |
| 4 | ഹഡ്കോ ലോൺ തിരിച്ചടവ് തുക കൃത്യമായി ബാധ്യതാശീർഷകത്തിൽ നിന്നും കുറവ് ചെയ്യിട്ടില്ല | 1-2-2 |
| 5 | സാമ്പത്തിക നില | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമ പദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വസ്തുനികുതി പരിശോധനയിലെ കണ്ടെത്തലുകൾ | 1-11 |
| 14 | ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചു | 1-11-1 |
| 15 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചത് പുനർനിർണ്ണയിച്ചു | 1-11-2 |
| 16 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തി- വിനിയോഗവിവരങ്ങൾ ലഭ്യമല്ല | 1-12 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-13 |
| 18 | പെൻഷൻ വിതരണം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-13-1 |
| 19 | അങ്കണവാടി പോഷകാഹാരം പദ്ധതി-സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല. | 1-14 |
| 20 | ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 1-15 |
| 21 | ഹരിതകർമ്മസേനയുടെ പ്രവർത്തനം | 1-16 |
| 22 | പ്രവൃത്തികളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-17 |
| 23 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-18 |
| | ഭാഗം **2** | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

20-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ: 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

30-03-2022 ലെ തീരുമാനം നമ്പർ: 1/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹25181033 |
| പ്രതീക്ഷിത വരവ് | ₹208492400 |
| ആകെ വരവ് | ₹233673433 |
| ചെലവ് | ₹218469275 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | ₹15204158 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.7.22 | 27.05.22 | - | - |

## 1-2-1 വാർഷിക ധനകാര്യപത്രിക-ന്യൂനതകൾ

1. വികസനഫണ്ട്- ജനറൽ വിഭാഗത്തിലുള്ള ആകെ ചെലവ് 9569754 രൂപ മാത്രമാണ്. എന്നാൽ സാംഖ്യ A. C. R പ്രകാരം ആകെ ചെലവ് 9668254 രൂപയാണ്. 98500 രൂപയുടെ ചെലവിന് നിർവ്വഹണോദ്യോഗസ്ഥർ റിക്വിസിഷൻ നൽകിയെങ്കിലും യഥാർത്ഥത്തിൽ നടന്നിട്ടില്ല.

2. മെയിന്റനൻസ് ഫണ്ട് നോൺറോഡ് വിഭാഗത്തിലുള്ള യഥാർത്ഥ ചെലവ് 2298629 രൂപയാണ്. എന്നാൽ സാംഖ്യ A. C. R പ്രകാരം ഈ വിഭാഗത്തിൽ ആകെ ചെലവ് 2863188 രൂപയാണ്. ACR ഉം AFS ഉം തമ്മിൽ 564559 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3. വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക, ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ്-ജനറൽ എന്നീ പദ്ധതികൾക്കായി ആകെ

3488655/- രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. ഇതിൽ വികസനഫണ്ട് മൂന്നാംഗഡു അനുവദിച്ചതിൽ നിന്നും കുറവ് ചെയ്തിട്ടുള്ള അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിലുള്ള 379600 രൂപയും ലൈഫ് ഭവനപദ്ധതി-ജനറൽ-വായ്പാ തിരിച്ചടവ് ഇനത്തിലുള്ള 1186855/- രൂപയും ജി.ഒ പ്രോജക്ട് വച്ച് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.വികസനഫണ്ട്- എസ്. സി.പി വിഭാഗത്തിൽ നിന്നും ആകെ 331145/- രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. ഇതിൽ വികസനഫണ്ട് മൂന്നാംഗഡു അനുവദിച്ചതിൽ നിന്നും കുറവ് ചെയ്തിട്ടുള്ള ലൈഫ് ഭവന പദ്ധതി-എസ്.സി.പി-വായ്പാ തിരിച്ചടവിനുള്ള 155145 രൂപ ജി.ഒ പ്രോജക്ട് വച്ച് സുലേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31120217 രൂപയാണ്. എന്നാൽ രേഖകൾ പ്രകാരം ഈ തുകയിൽ റോഡ് നിർമ്മാണപ്രവൃത്തികൾക്കാ യുള്ള 19.7 ലക്ഷം രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ 19.7 ലക്ഷം രൂപ കൂടുതലായി കാണിക്കുന്നു . ബാലൻസ്ഷീറ്റിൽ- 19.7 ലക്ഷം രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോ ൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

6.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല .(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

## 1-2-2 ഹഡ്കോ ലോൺ തിരിച്ചടവ് തുക കൃത്യമായി ബാധ്യതാശീർഷകത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല

2021-22 സംസ്ഥാനസർക്കാർ ബഡ്ജറ്റ് വിഹിതത്തിന്റെ വികസനാവശ്യത്തിനുള്ള ഫണ്ടിന്റെ ഒന്നും രണ്ടും മൂന്നും ഗഡുക്കളിൽ നിന്നായി താഴെ പറയും വിധമുള്ള തുകകൾ KURDFC ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

| ഗഡു/ഉത്തരവ് നം | വിഭാഗം | തുക |
|---|---|---|
| സ.ഉ (സാധാ) നം 3367/2021/ധന തീയതി 07.04.2021,ഒന്നാം ഗഡു | വികസനഫണ്ട് ജനറൽ | 58667 |
| | വികസനഫണ്ട് -എസ്. സി. പി | 29333 |
| സ.ഉ (സാധാ) നം 5206/2021/ധന തീയതി 30.7.21, രണ്ടാം ഗഡു | വികസനഫണ്ട് ജനറൽ | 1107333 |
| | വികസനഫണ്ട് -എസ്. സി. പി | 146667 |
| സ.ഉ (സാധാ) നം 22/2022/ധന തീയതി 01.01.22, മൂന്നാം ഗഡു | വികസനഫണ്ട് ജനറൽ | 1186855 |
| | വികസനഫണ്ട് -എസ്. സി. പി | 155145 |
| ആകെ | | 2684000 |

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 24711697/- രൂപ ലോൺ തിരിച്ചടവ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ട്. തൻവർഷം 300000/- രൂപയുടെ ലോൺ വരവ് ഉൾപ്പെടെ ആകെ 25011697/- രൂപയുടെ ബാധ്യതയിൽ 2684000/- രൂപ സർക്കാർ ലോൺ തിരിച്ചടവിനായി

വികസനഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

എന്നാൽ ഇതിൽ വികസനഫണ്ടിന്റെ മൂന്നാംഗഡുവിൽ നിന്നും കുറവ് ചെയ്തിട്ടുള്ള 1342000/- രൂപ ബാധ്യതയിൽ കുറവ് ചെയ്യാതെ ആണ് ഗ്രാമപഞ്ചായത്ത് 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കിയിട്ടുള്ളത്. തൻവർഷത്തെ ബാലൻസ്ഷീറ്റ് B5-ഷെഡ്യൂൾ പ്രകാരം 23669697/- രൂപ തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1342000/- രൂപയുടെ ബാധ്യത കുറവ് ചെയ്തിട്ടില്ല.

ഈ വിവരം ഓഡിറ്റ് അന്വേഷണം നം 3 /17.02.23 പ്രകാരം സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയതിന് മറുപടിയായി മൂന്നാംഗഡു തിരിച്ചടവ് തുകകൾ ജി.ഒ പ്രോജക്ടായി സുലേഖയിൽ ഉൾപ്പെടുത്തുന്നതിന് വിട്ടു പോയതിനാലാണ് ഈ തുക അധിക ബാധ്യതയായി നിലനിൽക്കാനിടയായതെന്ന് അറിയിച്ചു. 2022-23 വർഷത്തെ വാർഷികകണക്കുകൾ തയ്യാറാക്കുമ്പോൾ ഇത് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 14229122 |
| വരവ് | 80434567 |
| ആകെ | 94663689 |
| ചെലവ് | 76280610 |
| നീക്കിയിരിപ്പ് | 18383079 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (1),(4) | 0 | 9780071 | 9780071 | 9569754 | 210317 |
| വികസനഫണ്ട് -എസ്.സി.പി (1),(5) | 0 | 11078195 | 11078195 | 9709804 | 1368391 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 12101767 | 12101767 | 9103924 | 2997843 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്(2) | 0 | 5627627 | 5627627 | 2298629 | 3328998 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New (3) | 0 | 2443000 | 2443000 | 1263113 | 1179887 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New | 0 | 3665000 | 3665000 | 1493472 | 2171528 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 0 | 301707 | 301707 | 301707 | 0 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-Spillover | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 0 | 3163141 | 3163141 | 2415637 | 747504 |

1.സാംഖ്യ A. C. R പ്രകാരം ആകെ ചെലവ് 9668254 രൂപയാണ്. ഇതിൽ 98500 രൂപയുടെ ചെലവിന് നിർവ്വഹണോദ്യോഗസ്ഥർ റിക്വിസിഷൻ നൽകിയെങ്കിലും യഥാർത്ഥത്തിൽ നടന്നിട്ടില്ല. ആയതിനാൽ വികസനഫണ്ട്- ജനറൽ വിഭാഗത്തിലുള്ള ആകെ ചെലവ് 9569754 രൂപ മാത്രമാണ്. യഥാർത്ഥ കണക്കാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2. സാംഖ്യ A. C. R പ്രകാരം ഈ വിഭാഗത്തിൽ ആകെ ചെലവ് 2863188 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് വിഭാഗത്തിലുള്ള ആകെ ചെലവ് 2298629 രൂപയാണ്. A CR ഉം AFS ഉം തമ്മിൽ 564559 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ചെലവ് നടന്നിട്ടില്ല.

3. R&P പത്രിക RP-31 പ്രകാരമുള്ള സി.എഫ്. സി ഗ്രാന്റ് അൺടൈഡ് -Newഇനത്തിലുള്ള വരവിൽ 45124 രൂപ പലിശ കൂടി ഉൾപ്പെടുന്നു. യഥാർത്ഥ വരവ് മാത്രമാണ് പട്ടികയിൽ ചേർത്തിട്ടുണ്ട്.

4. വികസനഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക , ലൈഫ് ഭവനപദ്ധതി വായ്പാ തിരിച്ചടവ് -ജനറൽ എന്നീ പദ്ധതികൾക്കായി ആകെ 3488655 രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. ഈ തുക കഴിച്ചുള്ള ബാക്കി വരവാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

5. വികസനഫണ്ട്- എസ്. സി.പി വിഭാഗത്തിൽ നിന്നും ആകെ 331145 രൂപ സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. ഈ തുക കഴിച്ചുള്ള ബാക്കി വരവാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 1212354 | 727169 | 1939523 | 742000 | 1197523 |
| TSC | 1258410 | 0 | 1258410 | 675530 | 582880 |

ബി) തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4043 | 272096 | 276139 | 276138 | 1 |
| തൊഴിലാളികളുടെ വേതനം | 0 | 30844079 | 30844079 | 30844079 | 0 |
| ആകെ | 4043 | 31116175 | 31120218 | 31120217 | 1 |

C)സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 55343 | 150000+ 1200000 (സ്വച്ഛ് ഭാരത് മിഷൻ ഫണ്ട് ൽ നിന്നും | 1405343 | 700000 | 705343 |

| | | | | | |
|---|---|---|---|---|---|
| | | മുൻവർഷം ലഭിച്ച 1200000 ഈ ഹെഡിൽ വരവ് വച്ചത് ) | | | |
| ലൈഫ് ഭവനപദ്ധതി സംസ്ഥാന വിഹിതം | 0 | 600000 | 600000 | 600000 | 0 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 137903970 | 139 | 50979374 | --- | 50 | 73.54 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 7330355 | 5291994 | 72.19 |
| വി.ഇ.ഒ. | 12 | 10 | 72802752 | 10824414 | 14.87 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 5559930 | 5439725 | 97.84 |
| സെക്രട്ടറി | 35 | 22 | 8305122 | 5172350 | 62.28 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 102 | 69 | 34628672 | 17639246 | 50.94 |
| മെഡിക്കൽ ഓഫീസർ-PHC | 9 | 9 | 1585581 | 782792 | 49.37 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 750000 | 737558 | 98.34 |
| വെറ്ററിനറി സർജ്ജൻ | 9 | 9 | 3696678 | 2600526 | 70.35 |
| പ്രധാന അധ്യാപകൻ | 5 | 4 | 1093280 | 704169 | 64.41 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 3 | 1761600 | 1696600 | 96.31 |
| ഡയറി എക്സ്റ്റൻഷൻ | 1 | 1 | 390000 | 90000 | 23.08 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ആകെ | 189 | 139 | 137903970 | 50979374 | 36.97 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 30844079 | 30844079 | 30844079 | 0 |
| ഭരണച്ചെലവ് | 4043 | 272096 | 276139 | 276138 | 1 |
| ആകെ | 4043 | 31116175 | 31120218 | 31120217 | 1 |

I) ഭരണച്ചെലവുകൾക്കായി ആകെ276138 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 2710 രൂപ MGNREGS സംസ്ഥാന മിഷൻ ഡയറക്ടറുടെ 27.12.21ലെ NREGA/212/2021A19774 നം. കത്ത് നിർദ്ദേശപ്രകാരം ഭരണച്ചെലവ് അക്കൗണ്ട് Zero Balance ആക്കുന്നതിനായി സംസ്ഥാന മിഷൻ അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 267908 രൂപയുടെ അഡ്മിൻ വരവ് തനത് ഫണ്ടിലേക്ക് മുൻകൂർ ക്രമീകരിക്കുന്നതിനായി വിനിയോഗിച്ചതിനാൽ കോൺട്രാ എൻട്രി വരുത്തിയിട്ടുള്ളതിനാൽ R&P പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. R&P പത്രിക പ്രകാരം 5520 രൂപ മാത്രമാണ് ചെലവ് കാണിച്ചിട്ടുള്ളത്.

Ii) പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 31120217 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ റോഡ് നിർമ്മാണപ്രവൃത്തികൾക്കായുള്ള 19.7 ലക്ഷം രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ19.7 ലക്ഷം രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ-19.7 ലക്ഷം രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 8022800 | 494 |
| വിധവാപെൻഷൻ | 13897000 | 917 |
| വാർദ്ധക്യകാല പെൻഷൻ | 25487400 | 1752 |
| വികലാംഗപെൻഷൻ | 4030400 | 264 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 360000 | 12 |
| അവിവാഹിത പെൻഷൻ | 790400 | 49 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-2-2023ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 89112/- രൂപയുടെ

വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ ഇടപാടുകളേയും പ്രവർത്തനങ്ങളേയും ഓഡിറ്റ് സാക്ഷ്യപത്രത്തിൽ പറഞ്ഞത് ഒഴികെയുള്ള കാര്യങ്ങളിൽ വാർഷിക കണക്കിൽ പ്രതിഫലിപ്പിക്കുന്നുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ജി.ഒ. പ്രൊജക്ടുകൾ സുലേഖയിൽ ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

19.5.2008 മുതൽ 4.6.2008 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1997-98 മുതൽ 2007-08 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ പരാമർശങ്ങളും കത്ത് നം. LBA(HQ)IV/8A/1287/1617/247 തിയതി, 23.12.2016 കത്ത് പ്രകാരം തീർപ്പാക്കി.

8.12.2022തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ നവംബർ/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. പൊതുവായ പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 വസ്തുനികുതി പരിശോധനയിലെ കണ്ടെത്തലുകൾ

വസ്തുനികുതി പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളിൽ ചേർക്കുന്നു

### 1-11-1 ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചു

സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു (സഞ്ചയയിലെ വാർഡ് 1 മുതൽ 15വരെയുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം)

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | ആകെ വിസ്തീർണ്ണം (ച.മീ.) | റിമാർക്സ് |
|---|---|---|---|---|
| 1 | 6/218 | രാധാകൃഷ്ണൻ | 51 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 6/219 | | 28 | |
| 2 | 10/80 | എ.കെ.വാസുദേവൻ | 20 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type |

| | | | | |
|---|---|---|---|---|
| | 10/81 | | 45 | എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | 14/439 | അബ്ദുൾ റസാക്ക് | 10 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 14/440 | | 52 | |
| 4 | 3/97 | അമ്മുക്കുട്ടി | 62 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 3/98 | | 30 | |
| 5 | 14/524 | ആറുച്ചാമി | 30 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 14/525 | | 105 | |
| 6 | 12/263 | വിജയരാഘവൻ | 50 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 12/265 | | 24 | |
| 7 | 7/340 | വേലായുധമുതലി | 28 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 7/343 | | 33 | |
| 8 | 1/517 | മണി | 39 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 1/519 | | 40 | |
| 9 | 2/26 | മുരളി | 36 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) |
| | 2/27 | | 20 | |

| | | | | |
|---|---|---|---|---|
| | | | | നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| 10 | 4/262 | കൃഷ്ണൻ | 45 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 4/263 | | 50 | |
| 11 | 5/97 | വേലായുധപണ്ടാരം | 30 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 5/98 | | 33 | |
| 12 | 5/272 | സേതുമാധവൻ | 40.85 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 5/273 | | 40.85 | |
| 13 | 6/84 | മുത്തുക്കുട്ടി | 38 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 6/85 | | 21 | |
| 14 | 6/282 | കൃഷ്ണൻ | 42 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 6/283 | | 30 | |
| 15 | 9/107 | ഇസ്മയിൽ | 20 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 9/108 | | 32 | |
| 16 | 7/66 | ഭഗവതി | 31 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 7/67 | | 32 | |

| | | | | |
|---|---|---|---|---|
| 17 | 7/565 | സരസ്വതി | 211 | സഞ്ചയയിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ Tax Exemption Type എന്ന കോളത്തിൽ സ.ഉ(എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. |
| | 7/566 | | 16 | |

16.12.2015 ലെ സ.ഉ(എം.എസ്) നം.358/15/തസ്വഭവ പ്രകാരം 60 ച.മി.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബനാഥൻ/നാഥയുടെ പേരിലുള്ള സ്വന്തം താമസത്തിനായി ഉപയോഗിക്കുന്ന ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ പട്ടിക പ്രകാരം ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 02/16.2.2023) മറുപടിയായി നികുതി പുനസ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

സഞ്ചയയിലെ മുഴുവൻ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ഒരേ ഉടമസ്ഥന്റെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചത് പുന:പരിശോധിച്ച് അർഹമായ കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11-2 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികതി കുറവായി നിർണ്ണയിച്ചത് പുനർനിർണ്ണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 50 രൂപയും 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവയ്ക്ക് 80 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടത്തിന് 200 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

| | |
|---|---|
| കെട്ടിട നം. | 5/864 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | ശ്രീനിവാസൻ,<br>നിയർ പോളിടെക്നിക് കോളേജ്,<br>എരട്ടയാൽ,കൊടുമ്പ്. |
| വിസ്തീർണ്ണം | 208.06 ച. മീ, ഷോപ്പിംഗ് മാളുകൾ |
| നിലവിലെ നികുതി നിർണ്ണയം | 208.6x50=10430<br>ഇളവ് (ബഹുനില വാണിജ്യകെട്ടിടം)- 5% - 521.5<br>BT- 9883.00<br>LC- 495.00<br>Total- 10378.00 |

| | |
|---|---|
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 208.6x80=16688<br>വർദ്ധനവ് =3338 (<br>20%വഴിസൗകര്യം<br>5മീറ്ററിൽ കൂടുതലുള്ള<br>എരട്ടയാൽ<br>-കൊട്ടുമ്പ് റോഡ് )<br>ഇളവ് (ബഹുനില<br>വാണിജ്യകെട്ടിടം)- 5% =<br>834.4<br>BT- 19191.6<br>LC- 960<br>Total- 20152 |
| പ്രതിവർഷ നഷ്ടം | 20152-10378 = 9774രൂപ |

തുക കുറവായി ഈടാക്കിയതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (നം. 07 /20.02.2023) തുടർന്ന് വസ്തു നികുതി നിരക്ക് സഞ്ചയയിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്.

### 1-12 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രവൃത്തി- വിനിയോഗവിവരങ്ങൾ ലഭ്യമല്ല

പ്രോജക്റ്റ് നം 141/25 (തയ്യംകുന്നം കാങ്ങാട്ടുപറമ്പ് റോഡ് വികസനത്തിന് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ- കെ.എസ്.ഇ ബിക്ക് ഡെപ്പോസിറ്റ് )

അടങ്കൽ - 75000(തനത് ഫണ്ട്)

ചെലവ് -66191 (22100346-05.08.2021)
നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

കെ. എസ് ഇ. ബി ചിറ്റൂർ ഇലക്ട്രിക്കൽ സെക്ഷനാണ് തുക നൽകിയിട്ടുള്ളത്. കെ.എസ്. ഇ.ബി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-1-201 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിൽ ഖ. 11.2.3(ഡി).iii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ച് കെ.എസ്.ഇ.ബിയുമായി കരാർ ഉണ്ടാക്കിയിട്ടില്ല. തുക ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. ഈ വിവരം ഓഡിറ്റ് അന്വേഷണം നം 6/ 17.02.23 പ്രകാരം അറിയിച്ചതിന് വിനിയോഗരേഖകൾ ലഭിക്കുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

### 1-13 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം-ഡിസ്ക്രിപ്പൻസി ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

സർക്കാർ ഉത്തരവ് നം 63/21(ധന) തീയതി 02.08.21 പ്രകാരം മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഓരോ മാസവും വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്കളുടെ ലിസ്റ്റ് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ അനർഹരായ ഗുണഭോക്താക്കൾ മാസങ്ങളായി ഡാറ്റാബേസിൽ തുടരുന്നു. നവംബർ 2022 ലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിന് ശേഷം ലഭ്യമായിട്ടുള്ള ഡിസ്ക്രിപൻസി ലിസ്റ്റാണ് പരിശോധിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ ആഗസ്റ്റ് 2019

മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നില്ല

മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|
| വേശു പണിക്കർ | 108450100513 | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| മീനാക്ഷി | 108450100380 | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| ദേവു | 108450100377 | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| അമ്മിണി | 108450100364 | ആഗസ്റ്റ് 2019 നവംബർ 2022 വരെ<br>മുതൽ തടഞ്ഞു വച്ചിരിക്കുന്നു |

ഇപ്രകാരത്തിൽ കഴിഞ്ഞ 40 മാസങ്ങളായി മസ്റ്ററിംഗ് നടത്തിയിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ളതു 72 ആക്റ്റീവ് പെൻഷൻ ഗുണഭോക്താക്കൾ ഡിസ്ക്രിപൻസി ലിസ്റ്റിൽ ഉണ്ട്. ഓഡിറ്റ് അന്വേഷണം നം 8/17.02.22 മുഖേന ഈ വിവരം ശ്രദ്ധയിൽ കൊണ്ടു വന്നപ്പോൾ ആഗസ്റ്റ് 2019 മുതൽ മസ്റ്ററിംഗ് നടത്താത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഗുണഭോക്താക്കളിൽ മരണപ്പെട്ടവരെ ലിസ്റ്റിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

2. Account Closed Or Transferred എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ച ഗുണഭോക്താക്കളുടെ വിവരം

നവംബർ 2022 ലെ ഡിസ്ക്രിപൻസി ലിസ്റ്റിൽ ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന 22 ഗുണഭോക്താക്കൾ ഉൾപ്പെടുന്നുണ്ട്. പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഡി.ബി.റ്റി റിപ്പോർട്ട് പരിശോധിക്കുമ്പോൾ ബാങ്ക് അക്കൗണ്ടുകൾ മാസങ്ങളായി ക്ലോസ് ചെയ്തിട്ടുള്ളതാണെന്ന് കാണുന്നു. ഇത്തരം ഗുണഭോക്താക്കളെ നിലവിൽ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. ഏത് മാസം മുതലാണ് ഇവർക്ക് അർഹത നഷ്ടമായിട്ടുള്ളതെന്ന് കൃത്യമായി പരിശോധിച്ച് അനർഹർ ഇവരുടെ പെൻഷൻ തുക കൈപ്പറ്റിയിട്ടുള്ള പക്ഷം ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം 8/17.02.22 പ്രകാരം ശ്രദ്ധയിൽ പെടുത്തിയതിനെത്തുടർന്ന് ഇവരെയും ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായി അറിയിച്ചു .

1-13-1 പെൻഷൻ വിതരണം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ധനകാര്യ വകുപ്പിന്റെ സർക്കുലർ നം എസ്.എഫ്. സി.ബി 1/71/2017/ധന/തീയതി 22.09.2017, സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് 23.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം ക്രോഡീകരിച്ച ഉത്തരവ് ,സർക്കുലർ നം 63/2021/ധന തീയതി 02.08.21 എന്നിവയിലെ നിർദ്ദേശങ്ങൾ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും

പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

ആയതു പ്രകാരം സാമൂഹ്യസുരക്ഷാപെൻഷണറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന സമയത്ത് തന്നെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. ഒരു പ്രാദേശിക സർക്കാരിൽ രജിസ്റ്റർ ചെയ്യുന്ന മരണങ്ങളിൽ മറ്റ് പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമുള്ള വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യുന്ന പ്രാദേശിക സർക്കാരിലെ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതമാസമാക്കിയ പ്രാദേശിക സർക്കാരിൽ അറിയിക്കേണ്ടതുമാണ്. എന്നാൽ കൃത്യമായി തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട വിവരം തദ്ദേശ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ പെടാതെ നിലവിലും ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം ട്രാൻസ്ഫർ ചെയ്യുന്നതായി കണ്ടെത്തി.

ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ട് 1വോള്യം (രജിസ്റ്റർ നം 101/2021 മുതൽ 157/2021 വരെ) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

1.പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാന്സ്ഫർ ചെയ്യുന്നത് തുടരുന്നു.

ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽ പെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി | മരണപ്പെട്ട തിനുശേഷം തുക കൈമാറിയ മാസങ്ങൾ | ആകെ അനർഹമായി കൈമാറിയ തുക |
|---|---|---|---|---|---|
| 1. | പാറു.കെ കൊറങ്കാട് കൊട്ടുമ്പ് | 108450200086 വാർദ്ധക്യ കാല പെൻഷൻ നിലവിൽ Active Status | 07.10.2021 | നവംബർ 2021 മുതൽ നവംബർ 2022 വരെ | 20800 |
| 2. | എ.ജി കൃഷ്ണൻ ആളൂർ, തിരുവാലത്തൂർ | 108450200834 വാർദ്ധക്യ കാല പെൻഷൻ നിലവിൽ Suspend | 06.10.21 | നവംബർ 2021 മുതൽ ഒക്ടോബർ 2022 വരെ | 19200 |
| 3 | കല്യാണി കോട്ടുണി, കിണാശ്ശേരി | 108450200858 വാർദ്ധക്യ കാല പെൻഷൻ | 30.10.21 | നവംബർ 2021 മുതൽ സെപ്റ്റംബർ 2022 വരെ | 17600 |

| | | | | | |
|---|---|---|---|---|---|
| | | നിലവിൽ Suspend | | | |

2. മറ്റ് തദ്ദേശ സ്ഥാപനങ്ങളിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ മരണം ഈ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ വിവരം യഥാസമയം അതത് ഗ്രാമപഞ്ചായത്തുകളെ അറിയിക്കുന്നില്ല.

| ഗുണഭോക്താവിന്റെ പേര്, സ്ഥിരതാമസമുള്ള ഗ്രാമപഞ്ചായത്ത് | മരണം നടന്ന തീയതി | അനർഹമായി പെൻഷൻ കൈപ്പറ്റിയ മാസങ്ങൾ |
|---|---|---|
| സുബ്രഹ്മണ്യൻ, പാലക്കാട് നഗരസഭ | 21.06.21 നിലവിൽ Active | ജൂലൈ 21 മുതൽ നവംബർ 2022 വരെയും തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു വരുന്നു. |
| ചെല്ലമ്മ, കുത്തനൂർ ഗ്രാമപഞ്ചായത്ത് | 05.10.2021 | നവംബർ 2021 മുതൽ നവംബർ 2022 വരെയും തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു വരുന്നു. |

3. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കൾ വിവിധ ക്ഷേമനിധി ബോർഡുകളിലെ ആക്റ്റീവ്പെൻഷൻ ലിസ്റ്റിൽ ഉൾപ്പെടുന്നു

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ പറയുന്ന വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നും നിലവിലും പെൻഷൻ അനുവദിക്കുന്നതായി കാണുന്നു.

1. പി. തങ്കമണി, മരണം നടന്ന തീയതി - 02.08.21, Kerala Building And Other Construction Workers Welfare Board പെൻഷണർ .

2. പ്ലമീന.സി.പി, മരണ തീയതി -22.10.21, Kerala Anganwadi Welfare Fund Board പെൻഷണർ .

3. തത്തക്കുട്ടി, കാവേരിനഗർ, മരണം നടന്ന തീയതി -05.09.21, Kerala Small & Marginal Farmers Welfare Board Pensioner.

4.രാധാമണിയമ്മ. കെ. എം, Kerala Building And Other Construction Workers Welfare Board പെൻഷണർ .

ഈ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അതത് ക്ഷേമനിധി ബോർഡുകളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം 10/20-02-23 പ്രകാരം മേൽ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ക്രമനം 1 പ്രകാരമുള്ള ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതായി അറിയിച്ചു. അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് അനർഹമായി നൽകിയ പെൻഷൻ തുക തിരികെ ഈടാക്കേണ്ടതും കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 0011023000269 നമ്പർ അക്കൗണ്ടിലേക്ക് (Ifsc Ksbk0000101) തിരിച്ചടയ്ക്കേണ്ടതുമാണ്.

ക്രമ നം 2,3 അപാകങ്ങൾക്ക് തുടർ നടപടിയായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ക്ഷേമനിധി ബോർഡുകളിലെയും 21.02.2023 ന് തന്നെ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള വിവരം അറിയിച്ചിട്ടുള്ളതും ഈ വിവരം

മറുപടിയോടൊപ്പം രേഖകൾ സഹിതം നൽകിയട്ടുള്ളതുമാണ്.

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പറഞ്ഞിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ സ്വീകരിക്കുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലാണ് ഇപ്രകാരത്തിലുള്ള അപാകം കൂടുതലായി കാണുന്നതെങ്കിലും എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരം സിവിൽ രജിസ്ട്രേഷൻ വിവരങ്ങളുമായി ഒത്തു നോക്കി മരണപ്പെട്ട/ അനർഹരായ ആളുകളെ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതും അനധികൃതമായി നേരിട്ടോ ബാങ്ക് അക്കൗണ്ടുകളിലോ സ്വീകരിച്ച പെൻഷൻ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർ നിർദ്ദേശങ്ങൾ

1. ആശ/അംഗൻവാടി വർക്കർമാർ ഓരോ വാർഡിലെയും മരണങ്ങൾ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യണമെന്ന് ജി.ഒ(എം.എസ്)97/20/ധന/23.9.2020 ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട് എങ്കിലും ആയത് പാലിക്കപ്പെടുന്നില്ല. ആശ/അംഗൻവാടി വർക്കർമാരുടെ പ്രവർത്തനം അതത് വാർഡ് മെമ്പർമാർ മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാവേണ്ടതാണ്.

2. ഗ്രാമപഞ്ചായത്ത്/ നഗരസഭ കളിലെ ജനന മരണവിവരങ്ങളുടെ രജിസ്ട്രേഷൻ സോഫ്റ്റ് വെയറും സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം സേവന സോഫ്റ്റ് വെയറും കൈകാര്യം ചെയ്യുന്നത് ഐ.കെ.എം ആയതിനാൽ മരണം രജിസ്റ്റർ ചെയ്ത ഗുണഭോക്താവിന്റെ പെൻഷൻ വിതരണം സ്വമേധയാ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനായി വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. മരണറിപ്പോർട്ട് തയ്യാറാക്കുന്നതിലെ ചോദ്യാവലിയിൽ മരണപ്പെട്ട വ്യക്തി സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവാണോ അല്ലയോ എന്ന വിവരം ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് ശുപാർശ ചെയ്യാവുന്നതാണ്.

## 1-14 അങ്കണവാടി പോഷകാഹാരം പദ്ധതി-സ്രോതസ്സിൽ നിന്നും ജി എസ് ടി ഈടാക്കിയിട്ടില്ല.

2021-22 ൽ സമഗ്ര അങ്കണവാടി പോഷകാഹാരം എന്ന പേരിൽ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 27/22 | അങ്കണവാടി പോഷകാഹാരം ജനറൽ | 2520430 (1820430 – വികസന ഫണ്ട്, 700000- കേന്ദ്രാവിഷ്കൃത ഫണ്ട്) | 2520430 (1820430– വികസന ഫണ്ട് , 700000- കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 2 | 30/22 | അങ്കണവാടി പോഷകാ ഹാരം- എസ് സി പി | 700000 ( വികസന ഫണ്ട്- എസ്.സി.പി 700000) | 700000 ( വികസന ഫണ്ട്- എസ്.സി.പി) |

പ്രോജക്ടുകളുടെ ഭാഗമായി അമ്മു ഫുഡ്സ്, കല്ലേക്കാട്, കൊടുന്തിരപ്പുള്ളി എന്ന സ്ഥാപനത്തിന് അമൃതം ന്യൂട്രിമിക്സ്, ആരോഗ്യ മിക്സ് എന്നിവ വാങ്ങിയ വകയിൽ വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്

| പ്രോജക്ട് നം | ബിൽ നം. /തീയതി, തുക | ബിൽ തുകയിൽ നിന്നും സ്ഥാപനത്തിനു |
|---|---|---|

| | | നല്കിയ തുക |
|---|---|---|
| 27/22 | 1/09.7.21- 785945 | 775883 |
| | 3/20.7.21- 636679 | 433414 |
| | 6/18.8.21- 140361 | 138547 |
| | 10/22.9.21- 202117 | 139023 |
| | 16/30.10.21- 34898 | 34898 |
| | 29/09.2.22 - 20430 | 15177 |
| | 6448304/19-1-22- 345771 രൂപ (കേന്ദ്ര വിഹിതം) | 338119 |
| | ചെക്ക് നം-6448309/16-2-22- 354229 രൂപ (കേന്ദ്ര വിഹിതം) | 143423 |
| 30/22 | 2/20.07.21- 93585 | 93585 |
| | 7/18.8.21 - 52749 | 52749 |
| | 11/20.9.21 - 51354 | 51354 |
| | 17/30.10.21 - 138175 | 49381 |
| | 23/23.12.21 - 253707 | 98200 |
| | 25/30.12.21 - 49623 | 49623 |
| | 33/21.2.22 - 11139 | 11139 |
| | 31/09.02.22 - 49668 | 49668 |

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/21.02.23) തുടർവർഷങ്ങളിലെ പദ്ധതികളിലുൾപ്പെട്ട വാങ്ങലുകളിൽ ടി ഡി എസ് സംബന്ധിച്ച നിർദേശം കൃത്യമായി പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ലൈഫ് -ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

2021-22 വർഷത്തെ ലൈഫ് ഭവന നിർമാണ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ എഗ്രിമെന്റ് ചമച്ച് ആദ്യഗഡുക്കൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ ഇതുവരെയായി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല . പദ്ധതിയുടെ വാച്ച് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അനുസരിച്ച് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു. ജനറൽ, എസ്. സി, എന്നീ വിഭാഗങ്ങളിലായി ആകെ 33 പേർ ഭവനനിർമ്മാണം പൂർത്തിയാക്കാനുണ്ട്.
നിർവഹണ ഉദ്യോഗസ്ഥൻ -വി.ഇ.ഒ.

എ)ഭവന നിർമാണം പൂർത്തിയാക്കാത്തവർ-(ജനറൽ)

പ്രൊജക്ട് നം.23/22

അടങ്കൽ-34000000

ചെലവ്-2520558

യൂണിറ്റ് കോസ്റ്റ് -400000/-

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | നാളിതുവരെ അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | സരിത സമ്പത്ത് കാരക്കാട്,കരിങ്കരപ്പുള്ളി | 18.05.19 | 360000 | 40000 |
| 2 | സാവിത്രി ഗോപാലൻ കൊട്ടുമ്പ് | 23.7.18 | 360000 | 40000 |
| 3 | ജയന്തി സേതു , ഇല്ലത്തുപറമ്പ് കൊട്ടുമ്പ് | 16.10.21 | 300000 | 100000 |
| 4 | ഉമയറ കനാൽ കൊട്ടുമ്പ് | 27.2.19 | 300000 | 100000 |
| 5 | കോമളം മുത്തു, ചെവിടംകാട് | 16.1.20 | 260000 | 140000 |
| 6 | അനിത മിഥുനംപള്ളം | 16.10.21 | 360000 | 40000 |
| 7 | കൃഷ്ണകുമാരി, കാരേക്കാട് | 11.10.18 | 200000 | 200000 |
| 8 | സുശീല കരിങ്കരപ്പുള്ളി | 16.7.21 | 360000 | 40000 |
| 9 | വള്ളിയമ്മ, കാഞ്ഞിരംക്കുന്ന് | 20.8.18 | 40000 | അന്തരിച്ചു |
| 10 | ചിന്ന , ചൂൽപാടം, ധോണി | 29.3.19 | 40000 | 360000 |
| 11 | സുശീല കരിങ്കരപ്പുള്ളി | 30.3.21 | 40000 | 360000 |

ബി)എസ് സി വിഭാഗം- ഭവനം നിർമാണം പൂർത്തിയാക്കാത്തവർ

പ്രൊജക്റ്റ് നം.152/22 (SO)

അടങ്കൽ-7451900

ചെലവ്-1215300

പ്രൊജക്റ്റ് നം.92/22

അടങ്കൽ- 28160000

ചെലവ്-5804700

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വിലാസം | ആദ്യഗഡു കൈപ്പറ്റിയ തീയതി | അനുവദിച്ച തുക | അനുവദിക്കാനുള്ള തുക |
|---|---|---|---|---|
| 1 | സുമതി നെല്ലിയാംപാടം | 16.7.21 | 40000 | 360000 |
| 2 | കല്ല്യാണി ആറു തൈയ്യംക്കുന്നം | 16.7.21 | 40000 | 360000 |
| 3 | ചാമി തൈയ്യംക്കുന്നം | 16.7.21 | 360000 | 40000 |
| 4 | ലീല തൈയ്യംക്കുന്നം | 16.7.21 | 200000 | 200000 |
| 5 | വേലായുധൻ തൈയ്യംക്കുന്നം | 16.7.21 | 200000 | 200000 |
| 6 | കമലം മനമ്പ്രാട്ട്കളം | 16.7.21 | 360000 | 40000 |
| 7 | തങ്കമണി കരിങ്കരപ്പുള്ളി | 16.7.21 | 360000 | 40000 |
| 8 | സരസ്വതി താക്കുറിശ്ശി | 17.8.21 | 360000 | 40000 |
| 9 | വള്ളി ചക്കിങ്കൽപള്ള | 17.8.21 | 200000 | 200000 |

| | | | | |
|---|---|---|---|---|
| 10 | വേലായുധൻ കുന്നംക്കാട് | 17.8.21 | 40000 | 360000 |
| 11 | പാർവ്വതി കൃഷ്ണൻ പ്ലാക്കാട് | 17.8.21 | 200000 | 200000 |
| 12 | വൽസല , ആമ്പക്കാട് | 17.8.21 | 360000 | 40000 |
| 13 | സുജാത, മനമ്പ്രാട്ട്കുളം | 16.10.21 | 360000 | 40000 |
| 14 | വള്ളി, മണ്ണാട്ട്തറ | 16.10.21 | 360000 | 40000 |
| 15 | വെള്ളക്കുട്ടി , അയ്യപ്പൻക്കാവ് | 16.10.21 | 340000 | 60000 |
| 16 | ചന്ദ്രിക, മുല്ലേരി | 12.2.21 | 360000 | 40000 |
| 17 | ശ്രുതി, പ്ലക്കാട് | 12.2.21 | 360000 | 40000 |
| 18 | സുജാത, കാഞ്ഞിരംക്കുന്ന് | 16.7.21 | 360000 | 40000 |
| 19 | കോമളം, ചിറക്കാട് | 29.2.20 | 360000 | 40000 |
| 20 | പാണ്ടിയമ്മ, ആലുക്കടവ് | 9.10.20 | 360000 | 40000 |
| 21 | സതേശ്വരി, പത്തിരി നഗർ | 19.2.19 | 200000 | 200000 |
| 22 | സുലോചന, മുണ്ടക്കോട് | 9.10.20 | 40000 | 360000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരണത്തിന്റെ നിലവിലെ സ്ഥിതി ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/17.2.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണം ജനറൽ ക്രമ നം. 9 വള്ളിയമ്മ മരണപ്പെടുകയും അവർക്ക് അനന്തരാവകാശികൾ ഇല്ലായെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 4 ഉമയറയും ക്രമ നം.11 സുശീലയും തമ്മിൽ ഭവന നിർമ്മാണത്തിന്റെ സ്ഥലവുമായി തർക്കത്തിലാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർവഹണ ഉദ്യോഗസ്ഥനും മോണിട്ടറിംഗ് സമിതിയും പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചത് 2019 ഒക്ടോബർ 2 നാണ്. 27 അംഗങ്ങളാണ് കർമ്മസേനയിൽ പ്രവർത്തിക്കുന്നത്. പ്രധാന എം.സി.എഫ് ഇല്ല. ഗ്രാമപഞ്ചായത്തിനോട് ചേർന്ന് താല്ക്കാലിക എം.സി.എഫ് പ്രവർത്തിക്കുന്നുണ്ട്. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബെയ്‌ലിംഗ് മെഷീൻ എന്നിവ സ്ഥാപിച്ചിട്ടില്ല. 15 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ ആകെ 4 മിനി എം സിഎഫുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. തരംതിരിച്ച അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. എം. സി.എഫിൽ കുടിവെള്ളം, ശുചിമുറി സൗകര്യങ്ങൾ ഉണ്ടെങ്കിലും അഗ്നിശമന സേനയുടെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സുരക്ഷാ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടില്ല. അംഗങ്ങൾക്ക് യൂണിഫോം, മാസ്ക് , സാനിറ്റൈസർ, മറ്റ് ഉപകരണങ്ങൾ തുടങ്ങിയവ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്.

2 കൺസോർഷ്യങ്ങൾ രൂപീകരിക്കുകയും കൺസോർഷ്യങ്ങൾക്ക് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും സംരംഭപ്രവർത്തനങ്ങൾ നാളിതു വരെ ആരംഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ആകെ 5582 വീടുകളും 352 കടകളും ഉള്ളതായി ഹരിതകർമ്മസേന കണക്കാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയും സർക്കാർ ഉത്തരവ് പ്രകാരം യൂസർഫീ ഈടാക്കി വരുന്നുണ്ട്. എന്നാൽ എല്ലാ വീടുകളിൽനിന്നും കടകളിൽ നിന്നും യൂസർഫീ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. കർമ്മസേനയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ

ഗ്രാമപഞ്ചായത്ത് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനക്ക് ലഭിക്കേണ്ടതായ യൂസർഫീ കൃത്യമായി ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.
- ഹരിതസംരംഭകർക്ക് ആവശ്യമായ വൈദഗ്ധ്യപരിശീലനം നൽകി സംരംഭക പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.
- എം.സി.എഫ് നിർമ്മാണം പൂർത്തീകരിക്കേണ്ടതും എല്ലാ വാർഡുകളിലും മിനി എം. സി.എഫുകൾ ആരംഭിക്കേണ്ടതുമാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-17 പ്രവൃത്തികളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. 199/22- കനാൽ കമ്മ്യൂണിറ്റി ഹാൾ കിച്ചൺ ബ്ലോക്ക് ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തി ₹121000/- അടങ്കൽ തുക (തനതു ഫണ്ട്) വകയിരുത്തി ₹120055/- (ചെക്ക് നം.6448309/25.2.2022) ചെലവിൽ നിർവഹിച്ചിരിക്കുന്നു. ഈ പ്രവൃത്തി 4.12.2021 ന് ആരംഭിച്ച് 24.1.2022ന് പൂർത്തിയാക്കിയിട്ടുണ്ട്.

പ്രൊജക്ട് നം. 200/22-കനാൽ കമ്മ്യൂണിറ്റി ഹാൾ ടോയ്‌ലറ്റ് ഇലക്ട്രിഫിക്കേഷൻ എന്ന പ്രവൃത്തി ₹36000/- അടങ്കൽ തുക (തനതു ഫണ്ട്) വകയിരുത്തി ₹28878/- (ചെക്ക് നം. 6448309/16.2.2022) ചെലവിൽ പൂർത്തീകരിച്ചിരിക്കുന്നു. ഈ പ്രവൃത്തി 4.12.2021 ന് ആരംഭിച്ച് 24.1.2022ന് പൂർത്തിയാക്കിയിട്ടുണ്ട്.

രണ്ടു പ്രവൃത്തികളും ടെണ്ടർ നടത്തിയത് 16.11.2021നാണ്. രണ്ടു പ്രവൃത്തികളും ചെയ്തിരിക്കുന്നത് കരാറുകാരൻ ശ്രീ.രാമൻ.വി. ആണ്. രണ്ടു പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിനാണ് ചെയ്തിരിക്കുന്നത്.

ഒരേ സമയം വിഭാവനം ചെയ്ത പ്രവൃത്തികൾ ഒറ്റ പ്രൊജക്ടായി നടപ്പിലാക്കുന്നതിനു പകരം രണ്ടു ടെണ്ടർ വിളിക്കുകയും നടപ്പാക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/20-2-2023ന് രണ്ട് പ്രവൃത്തികളും ഒരേ പ്ലോട്ടിൽ ഉള്ള രണ്ട് കെട്ടിടങ്ങളിലായാണ് നടത്തിയിരിക്കുന്നത്. ഇവ രണ്ടും വ്യത്യസ്ത അസറ്റുകളായാണ് നില നിൽക്കുന്നത്. ആയതിനാലാണ് രണ്ട് പ്രൊജക്ടുകൾ ആയി ഏറ്റെടുത്ത് പൂർത്തീകരിച്ചത്. വരും വർഷങ്ങളിൽ പദ്ധതികൾ രൂപീകരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

13-ം പദ്ധതി പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം.11/2018 തസ്വഭവ തിയതി, 29.1.2018 ഖണ്ഡിക 11.2(4) പ്രകാരം ഗുണഭോക്തൃ സമിതികളെയോ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് അനുവദനീയമല്ല. കൂടാതെ ഖണ്ഡിക 2.3(7) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ടിന്റെ അടങ്കൽ തുകയെകുറിച്ച് കൃത്യമായ വിലയിരുത്തൽ നടത്തണം. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- ഗുണഭോക്തൃ സമിതികളെയോ അംഗീകൃത ഏജൻസികളെയോ ഏൽപ്പിക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-18 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഇടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|
| 132/21,178/22-കാക്കത്തറ പുഴക്കിറങ്ങുന്ന റോഡ് പൈപ്പ് കൾവർട്ട് നിർമ്മാണം -വാർഡ് 15<br>അടങ്കൽ - 50000 (തനതുഫണ്ട്)<br>PAC- 43636.04<br>കരാറുകാരൻ - ശ്രീ.സുന്ദരൻ.കെ.<br>എഗ്രിമെന്റ് നം.:35/9.10.2020<br>അളവു പുസ്തകം - 136/19-20<br>ചെലവ് - 46131<br>(ചെക്ക് നം. -₹6448314/31.3.2022)<br>പൂർത്തീകരണ കാലാവധി - 6 മാസം | 9-4-2021 | 30-9.2021 | 0 | 1309<br>(3%) |

അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനയച്ച നം.114/AE/LSGD/KDB/TPL/21-22 Dt. 13.12.2021കത്ത് പ്രകാരം പ്രവൃത്തി നാളിതു വരെയായി പൂർത്തീകരിച്ചു കാണുന്നില്ല. ആയതിനാൽ ഈ കത്ത് കിട്ടി ഏഴു ദിവസത്തിനകം അടിയന്തിരമായി ഏറ്റെടുത്ത് പ്രവൃത്തി തുടങ്ങാതിരിക്കാനുള്ള വ്യക്തമായ കാരണം രേഖാമൂലം ബോധിപ്പിക്കേണ്ടതും സപ്ളിമെന്ററി എഗ്രിമെന്റ് വെച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണെന്നും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടങ്ങൾക്കും നടപടികൾക്കും താങ്കൾ മാത്രം ഉത്തരവാദിയായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്.

അതിനു ശേഷം കോവിഡ് മൂലം സമയം ഫൈനില്ലാതെ നീട്ടി നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം.1444/21/തസ്വഭവ തിയതി 31-7-21 പ്രകാരം പൂർത്തീകരണ കാലാവധി ഫൈൻ ഇല്ലാതെ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഉത്തരവ് തിയതിക്കുമുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയത് അംഗീകരിക്കുന്നില്ല.

| | | | | |
|---|---|---|---|---|
| 90/21, 165/22-<br>AKG നഗർ അയ്യപ്പൻകാവ് റോഡ് മെറ്റലിംഗ് & ടാറിംഗ്<br>അടങ്കൽ - 350000 (MG (R)) | 8.4.2021 | 30.9.2021 | 0 | 9306 |

| | | | | | |
|---|---|---|---|---|---|
| PAC- 310200.87<br>കരാറുകാരൻ - ശ്രീ.സുന്ദരൻ.കെ<br>എഗ്രിമെന്റ് നം.:33/9.10.2020<br>അളവു പുസ്തകം - 229/20-21<br>ചെലവ് - ₹59872<br>(ബിൽ നം. -8/24.11.2021)<br>287553 (2020-21<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | | |
| സ.ഉ(സാധാ)നം.1444/21/തസ്വഭവ തിയതി 31-7-21 പ്രകാരം പൂർത്തീകരണ കാലാവധി ഫൈൻ ഇല്ലാതെ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. ഉത്തരവ് തിയതിക്കുമുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയത് അംഗീകരിക്കുന്നില്ല. | | | | | |
| 120/21, 175/22-<br>മണമ്പ്രാട്ട് റോഡ് സൈഡ് സംരക്ഷണം&റീ ടാറിംഗ്<br>അടങ്കൽ - 400000 (MG (R))<br>PAC- 355408.05<br>കരാറുകാരൻ - ശ്രീ.കൃഷ്ണൻകുട്ടി<br>എഗ്രിമെന്റ് നം.:13/1.10.2020<br>അളവു പുസ്തകം - 208/20-21,235/20-21<br>ചെലവ് - ₹117873<br>(ബിൽ നം. -32/27.1.2022)<br>279934 (2020-21<br>പൂർത്തീകരണ കാലാവധി - 6 മാസം | 31-3-2021 | 30-11-2021 | 1057 | 10662 | |
| സ.ഉ(സാധാ)നം.1444/21/തസ്വഭവ തിയതി 31-7-21 പ്രകാരം പൂർത്തീകരണ കാലാവധി ഫൈൻ ഇല്ലാതെ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. ഉത്തരവ് തിയതിക്കുമുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി ദീർഘിപ്പിച്ച നൽകിയത് അംഗീകരിക്കുന്നില്ല. | | | | | |
| 91/21, 166/22-<br>പൂതങ്കാട് അംഗൻവാടി റിപ്പയർ<br>അടങ്കൽ - 200000 (Plan(SCP))<br>PAC- 177027.24<br>കരാറുകാരൻ - ശ്രീ.ശശി.ജി.<br>എഗ്രിമെന്റ് നം.:61/6.11.2020 | 5-5-2021 | 16-12-2021 | 484 | 5311 | |

| | | | | |
|---|---|---|---|---|
| അളവു പുസ്തകം - 205/20-21, 241/20-21<br>ചെലവ് - ₹54205<br>(ബിൽ നം. -29/24.11.2021)<br>106592 (2020-21<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | |

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/20.2.2023ന് കാക്കത്തറ പുഴക്കിറങ്ങുന്ന റോഡ് പൈപ്പ് കൾവർട്ട് നിർമ്മാണം എന്ന പ്രവൃത്തി9.4.2021ന് പൂർത്തീകരിക്കേണ്ടതാണെങ്കിലും മലമ്പുഴ കനാലിൽ വെള്ളം നിറഞ്ഞതിനാൽ സാധിച്ചില്ല എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനയച്ച 13.12.2021തിയതിയിലെ കത്ത് പ്രകാരം . അടിയന്തിരമായി ഏറ്റെടുത്ത പ്രവൃത്തി തുടങ്ങാതിരിക്കാനുള്ള വ്യക്തമായ കാരണം രേഖാമൂലം ബോധിപ്പിക്കേണ്ടതും സപ്ളിമെന്ററി എഗ്രിമെന്റ് വെച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണെന്നും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടങ്ങൾക്കും നടപടികൾക്കും താങ്കൾ മാത്രം ഉത്തരവാദിയായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അതിനാൽ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. കൂടാതെ സ.ഉ(സാധാ)നം.1444/21/തസ്വഭവ തിയതി 31-7-21 പ്രകാരം പൂർത്തീകരണ കാലാവധി ഫൈൻ ഇല്ലാതെ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. ഉത്തരവ് തിയതിക്കുമുമ്പ് പൂർത്തീ കരിക്കേണ്ടിയിരുന്ന പ്രവൃത്തി ദീർഘിപ്പിച്ച നൽകിയപ്പോൾ പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയത് അംഗീകരിക്കുന്നില്ല.

കുറവായി ഈടാക്കിയ പിഴ ₹26588/-(1309+9306+10662+5311) കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 13-02-23 മുതൽ 20-02-23 മുതൽ | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 370588 | ലൈഫ് ജനറൽ | 0 | 370588 |
| | 2019-20 | 1129412 | ലൈഫ് - എസ്. സി. പി | 0 | 1129412 |
| | 2019-20 | 483905 | ലൈഫ് ജനറൽ | 0 | 483905 |
| | 2019-20 | 45840 | പാലിയേറ്റീവ് കെയർ | 0 | 45840 |
| | 2021-22 | 540494 | 3/22 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 540494 | 0 |
| | | 3464700 | 92/22 ലൈഫ് ഭവന നിർമ്മാണം -എസ്. സി | 3464700 | 0 |
| | | 200000 | 28/22 ഭിന്നശേഷി വിഭാഗത്തിനുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | | 60000 | 87/22 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 60000 | 0 |
| | | 339300 | 120/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 329300 | 10000 |
| | | 100000 | 29/22 വയോജനങ്ങൾക്ക് കട്ടിൽ | 100000 | 0 |
| ആകെ | | 6734239 | | 4694494 | 2039745 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 1240000 | 3/22 നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 1240000 | 0 |
| | | 300000 | 28/22 ഭിന്നശേഷി വിഭാഗത്തിനുള്ള സ്കോളർഷിപ്പ് | 300000 | 0 |
| | | 30000 | 87/22 ക്ഷീരകർഷകർക്ക് പാലിന് ഇൻസന്റീവ് | 30000 | 0 |
| ആകെ | | 1570000 | | 1570000 | 0 |

മുൻവർഷങ്ങളിൽ ലഭ്യമായതും വിനിയോഗിക്കാൻ കഴിയാത്തതുമായ തുകകൾ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരളസംസ്ഥാന വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക മുൻകൂർ നൽകിയെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി ചിറ്റർ സബ്ബ് സെക്ഷൻ | തയ്യംകുന്നം കാങ്ങാട്ടുപറമ്പ് റോഡ് വികസനത്തിന് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22100346-05.08.2021 | 66191 | തുക വിനിയോഗ വിവരങ്ങൾ ലഭ്യമല്ല. | |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 300000/- രൂപ വരവുണ്ട്. വായ്പ തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ യുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ ലഭിച്ചത് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (സാധാ) നം 68/2018 ത.സ്വ.ഭ.വ/18.05.18 | 300000 | 24711697 | 2684000 | - | 22327697 (*) |

(*) സ.ഉ (സാധാ) നം 22/2022/ ധന തീയതി 01.01.22 പ്രകാരം

21-22ബഡ്ജറ്റ് വിഹിതത്തിന്റെ വികസനാവശ്യത്തിനുള്ള ഫണ്ടിന്റെ മൂന്നാം ഗഡു വിൽ നിന്നും KURDFC ലോൺ തിരിച്ചടവിനായി ആകെ 1342000/- രൂപ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുകയുടെ തിരിച്ചടവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ്ഷീറ്റ് B5-ഷെഡ്യൂൾ പ്രകാരം 23669697/- രൂപ തിരിച്ചടക്കാൻ ബാക്കിയുള്ള ലോൺ തുകയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 1342000/- രൂപയുടെ ലയബിലിറ്റി കുറവ് ചെയ്തിട്ടില്ല. യഥാർത്ഥത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11581250 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 11581250 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11581250 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപന ത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പൊൽപ്പുള്ളി സർവ്വീസ് സഹകരണ ബാങ്ക്, കൊടുമ്പ് ബ്രാഞ്ച് | 22.03.2021 | 1 വർഷം | 11581250 | നിക്ഷേപ കാലാവധി പൂർത്തിയായി രണ്ടു മാസ ത്തിനു ശേഷം 20.05.22 നാണ് സ്ഥിര നിക്ഷേപം പുതുക്കിയി ട്ടുള്ളത്. |
| ആകെ | | | | 11581250 | |

കാലാവധി പൂർത്തിയായ നിക്ഷേപം യഥാസമയം പുതുക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 27651/- രൂപയുടെ വരവുണ്ട്. എന്നാൽ തൻവർഷം റിക്കവറി ഇനത്തിൽ ലഭിച്ചിട്ടുള്ളത് ആകെ 15091/- രൂപ മാത്രമാണ്. ഇതിൽ 7911/- രൂപ മാത്രമാണ് ഓഡിറ്റ് റിക്കവറി ഹെഡിൽ വരവ് വച്ചിട്ടുള്ളത്. ബാക്കി 7180/- രൂപ തൊഴിൽ നികുതി ഇനത്തിലുള്ള റിക്കവറി തൊഴിൽ നികുതി വരവ് ഹെഡിലാണ് വരവ് വച്ചിട്ടുള്ളത്. തൻവർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി 19740/- രൂപ തെറ്റായി ഓഡിറ്റ് റിക്കവറി ഹെഡിൽ വരവ് വച്ചിട്ടുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാ ക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-11-7 | 660 | ശ്രീ അപ്പുണ്ണി | 121010102542/ 20.10.21 |
| 2019-20 | 1-11-7 | 660 | ശ്രീ മോഹനൻ | 121010102541/ 20.10.21 |
| 2019-20 | 1-11-7 | 660 | ശ്രീ സ്വാമിനാഥൻ | 121010102538/ 20.10.21 |
| 2019-20 | 1-11-7 | 660 | ശ്രീ | 121010102527/ |

| | | | | |
|---|---|---|---|---|
| | | | കൃഷ്ണമൂർത്തി | 18.10.21 |
| 1997-98 | 2-22 | 1265 | 11 ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുക | 121010104698/ 17.01.22 |
| 1999-2000 | 2-1 | 1000 | ശ്രീ എ.ശേഖരൻ, സെക്രട്ടറി | 121010104699/ 17.01.22 |
| 2004-05 | 2-4 | 1682 | ശ്രീ പി.എ. മോഹൻദാസ് | 121010104700/ 17.01.22 |
| 2009-10&2010-11 | 2-3 | 964 | ശ്രീ ഹരിദാസൻ.കെ സെക്രട്ടറി | 121010104701/ 17.01.22 |
| 2019-20 | 2-2(2) | 500 | ഡോ. ശ്രീലക്ഷ്മി. വി തൊഴിൽ നികുതി | 1210106394/ 26.03.22 |
| 2007-08 | 2-2(1) | 2500 | സ്ഥാപന തൊഴിൽ നികുതി ബാങ്ക് ഓഫ് ഇൻഡ്യ | 121010500152/ 31.03.22 |
| 2018-19 | 1-11 (സി) | 2500 | തൊഴിൽ നികുതി കരാറുകാരൻ | 121010100260/ 20.04.21 |
| 2018-19 | 1-11(8) | 720 | ശ്രീദേവി റൈസ് ഇൻഡസ്ട്രീസ് | 120010100770/ 30.06.21 |
| 2018-19 | 1-11(8) | 1320 | ശ്രീദേവി റൈസ് ഇൻഡസ്ട്രീസ് | 120010100775/ 30.06.21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| --- | --- | 2015-16 | 5.2 | വിഷയാധിഷ്ഠിത അവലോകനം ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം | സിറ്റിംഗ് നടന്നിട്ടില്ല |
| 2013-14, 2014-15 | 2-6 | 2016-17 | അധ്യായം-1 | വസ്തു നികുതി കുടിശ്ശിക | സിറ്റിംഗ് നടന്നിട്ടില്ല |
| 2013-14, 2014-15 | 2-1 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല ഡ്രൈവർ | സിറ്റിംഗ് നടന്നിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2013-14, 2014-15 | 2-2 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | സിറ്റിംഗ് നടന്നിട്ടില്ല |
| 2013-14, 2014-15 | 2-3 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല സ്കൂളിലെ ജീവനക്കാർ | സിറ്റിംഗ് നടന്നിട്ടില്ല |
| 2013-14, 2014-15 | 2-5 | 2016-17 | അധ്യായം-2 | സ്ഥാപന തൊഴിൽ നികുതിഈടാക്കിയിട്ടില്ല | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 2-2 | 2016-17 | അധ്യായം-2 | തൊഴിൽ നികുതിഈടാക്കിയിട്ടില്ല | സിറ്റിംഗ് നടന്നിട്ടില്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹80434567/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹76280610 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 26588 | 1309-അബ്ദുൾ മുനാഫ്.ടി.എം., അസിസ്റ്റന്റ് എഞ്ചിനീയർ<br>25279- രചന.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 26588 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രചന.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, LID &EW, നാട്ടിക ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ | ചിയ്യാരത്ത് ഹൌസ്, CMRA 1223, ചിയ്യാരം പി.ഒ., തൃശ്ശൂർ -680026 |
| അബ്ദുൾ മുനാഫ്.ടി.എം., അസിസ്റ്റന്റ് എഞ്ചിനീയർ | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | ആയിഷാസ്, നിയർ GLPS, കയ്യത്ത് റോഡ്, തലശ്ശേരി, കണ്ണൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-പികെഡി-14/838/2018 തിയതി 22-11-2018 (അദാലത്ത്) | 2 |
| 1998-99 | | 2 |
| 1999-2000 | | 2 |
| 2000-01 | | 1 |
| 2001-02 | നം കെ.എസ്.എ-പി.കെ.ഡി 14/841/22 തീയതി 29.11.22 (അദാലത്ത്) | 7 |
| 2002-03 | | 11 |
| 2003-04 | | 3 |
| 2004-05 | | 3 |
| 2005-06 | | 1 |

| | | |
|---|---|---|
| 2006-07 | | 1 |
| 2007-08 | | 7 |
| 2009-10,2010-11 | | 9 |
| 2011-12 | | 11 |
| 2012-13 | നം കെ.എസ്.എ-പി.കെ.ഡി 14/1947/22 തീയതി 29.11.22 | 9 |
| 2013-14, 2014-15 | | 4 |
| 2015-16 | നം കെ.എസ്.എ-പി.കെ.ഡി 14/841/22 തീയതി 29.11.22 | 13 |
| 2016-17 | | 14 |
| 2017-18 | | 7 |
| 2018-19 | | 7 |
| 2019-20 | നം.കെ.എസ്.എ-പികെഡി14/301/2022 തീയതി: 14/03/2022 | 31 |
| 2020-21 | നം.കെ.എസ്.എ-പികെഡി14/456/2022 തീയതി:07/07/22 | 21 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കൊടുമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്തം

| | | | |
|---|---|---|---|
| Kodumba Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 14202355.00 |
| Cash | Cash | RP-40(a) | 26767.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1676270.00 |
| 130000000 | Rental income from Panchayat Properties | RP-3 | 61230.00 |
| 140000000 | Fees & User Charges | RP-4 | 796130.00 |
| 150000000 | Sale & Hire Charges | RP-5 | 243452.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53261332.00 |
| 171000000 | Interest Earned | RP-9 | 278062.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9277779.00 |
| 340000000 | Deposits Received | RP-34 | 14000.00 |
| 350000000 | Other Liabilities | RP-36 | 563062.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 68714.00 |
| 311000000 | Earmarked Funds | RP-29 | 33800.00 |
| 330000000 | Secured Loans | RP-32 | 300000.00 |
| 340000000 | Deposits Received | RP-34 | 1239501.00 |
| 341000000 | Deposit Works | RP-35 | 0.0 |
| 350000000 | Other Liabilities | RP-36 | 358638.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12262597.00 |
| | Grand total | | 94663689.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3889109.00 |
| 220000000 | Administrative Expenses | RP-12 | 1482731.00 |
| 230000000 | Operations & Maintenance | RP-13 | 3835022.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 6946994.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17992874.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 71710.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 581181.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1133720.00 |
| 255000000 | Maintenance Projects | RP-20 | 10100843.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | -29897.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 186256.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2804061.00 |
| 340000000 | Deposits Received | RP-34 | 12000.00 |
| 350000000 | Other Liabilities | RP-36 | 10084839.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4254.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | -167217.00 |
| 340000000 | Deposits Received | RP-34 | 153875.00 |
| 350000000 | Other Liabilities | RP-36 | 3306696.00 |
| 410000000 | Fixed Assets | RP-38 | 2136619.00 |
| 412000000 | Capital work in Progress | RP-40 | 2333541.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7469833.00 |
| 440000000 | Pre-paid Expenses | RP-45 | 300000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1151566.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18256100.00 |
| Cash | Cash | RP-40(b) | 126979.00 |
| | Grand Total | | 94663689.00 |

Kodumba Grama Panchayat INCOME &

| | | | |
|---|---|---|---|
| | EXPENDITURE STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7970148.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 238760.00 |
| 140000000 | Fee & User Charges | I-4(b) | 2104430.00 |
| 150000000 | Sale & Hire Charges | I-5(b) | 243452.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 140661675.00 |
| 171000000 | Interest Earned | I-8 | 278062.00 |
| 180000000 | Other Income | I-9 | 68714.00 |
| | Total Income | | 151565241.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13072357.00 |
| 220000000 | Administrative Expenses | I-11(b) | 1482731.00 |
| 230000000 | Operations & Maintenance | I-12(b) | 4820343.00 |
| 240000000 | Interest & Finance Charges | I-13 | 4254.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6946994.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 52309479.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 996732.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 581181.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not | I-14(d) | 53361720.00 |

| | | | |
|---|---|---|---|
| | included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 10227432.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | -29897.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| | Total Expenditure | | 144273326.00 |
| | Gross Surplus / Deficit of income over Expenditure | | 7291915.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -161803.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7453718.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

Kodumba Grama Panchayat BALANCE SHEET

As on 31.03.22

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 35785908.65 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 33800.00 |
| 312000000 | Reserves | B-3 | 81699271.00 |
| | Total Reserve & Surplus | | 117518979.65 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8386884.00 |
| | Total Grants, Contributions for Specific Purposes | | 8386884.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23669697.00 |
| | Total Loans | | 23669697.00 |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1518322.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1564275.35 |
| | Total Current Liabilities and Provisions | | 3082597.35 |
| | TOTAL LIABILITIES | | 152658158.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 94036057.00 |
| 411000000 | Accumulated Depreciation | B-11 | -9921470.00 |
| 412000000 | Capital Work in Progress | B-11(a) | 1298219.00 |
| | Total Fixed Assets | | 85412806.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 11581250.00 |
| | Total Investments | | 11581250.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 12547171.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 23669697.00 |
| 450000000 | Cash and Bank Balance | B-17 | 18383079.00 |
| 460000000 | Loans, Advances and Deposits | B-18 | 1064155.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 55664102.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 152658158.00 |

DEPUTY DIRECTOR